(സി) Persons with Disabilities (Equal Opportunities, Protection of Rights and Full Participation) Act, 1995 പ്രകാരം അംഗപരിമിതർക്ക് പി.എസ്.സി. ഉൾപ്പടെയുള്ള നിയമനങ്ങൾക്ക് 3% സംവരണം നൽകിവരുന്നുണ്ട്. 2004-2007 വരെയുള്ള ബാക്ക് ലോഗ് വേക്കൻസി കണ്ടെത്തി പി.എസ്.സി. മുഖാന്തരം നിയമനം നടത്തിവരികയാണ്. ഇതുകൂടാതെ സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേന താൽക്കാലിക സേവനമനുഷ്ഠിച്ച അംഗപരിമിതരെ ഇന്ത്യൻ സ്വാതന്ത്ര്യത്തിന്റെ സുവർണ്ണ ജൂബിലി, സാർക്ക് വികലാംഗ വർഷം എന്നീ ദിനാചരണങ്ങളുടെ ഭാഗമായി സ്ഥിര നിയമനം നൽകിയിട്ടുണ്ട്. അതിന്റെ തുടർച്ചയെന്നോണം 16-8-1999-നും 31-12-2003-നും മദ്ധ്യേ കാലയളവിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേന താൽക്കാലിക സേവനമനുഷ്ഠിച്ച് 179 ദിവസം പൂർത്തിയാക്കിയ അംഗപരിമിതരെ സ്ഥിരപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

വിഷൻ 2030 പദ്ധതി

224 (5578) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കിലയുടെ ആഭിമുഖ്യത്തിൽ എല്ലാ മണ്ഡലങ്ങളിലും നടപ്പിലാക്കുന്ന വിഷൻ-2030 പദ്ധതിയുടെ പ്രോജക്ട് സമർപ്പണത്തിന്റെ ഭാഗമായുള്ള പ്രവർത്തനങ്ങൾ ഏതെല്ലാം മണ്ഡലങ്ങളിൽ പൂർത്തിയാക്കി ; മറ്റ് മേഖലകളിൽ ഇതിന്റെ പുരോഗതി എന്ത് ;

(ബി) വിഷൻ 2030 പ്രോജക്ടുമായി എല്ലാ വകുപ്പുകളും സഹകരിക്കുന്നതിന് എന്തെങ്കിലും നിർദ്ദേശങ്ങൾ സർക്കാർ നൽകിയിട്ടുണ്ടോ ; പ്രസ്തുത പദ്ധതിയുടെ ആലോചനായോഗങ്ങളിലും വർക്കിംഗ് ഗ്രൂപ്പുകളിലും ഹാജരാകാതെയും സഹകരിക്കാതെയും ഇരിക്കുന്ന വിവിധ ഓഫീസ് മേലധികാരികൾക്കെതിരെ എന്തെങ്കിലും അച്ചടക്ക നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിൽ പങ്കെടുക്കാതെയും പദ്ധതി രൂപരേഖ തയ്യാറാക്കുന്നതിനാവശ്യമായ വിവരങ്ങൾ നൽകാതെയും വച്ച് താമസിപ്പിക്കുകയും ചെയ്യുന്ന സ്ഥാപന മേധാവികൾ നല്കാത്ത വിവരങ്ങൾ ശേഖരിക്കുന്നതിന് മാർഗമില്ലാത്തതിനാൽ അത്തരം വകുപ്പുകളുടെ വികസനവും ഭാവി പ്രവർത്തനങ്ങളും സംബന്ധിച്ച വിവരങ്ങൾ വികസന രേഖയിൽ ഉൾപ്പെടുത്താനാവാതെ വരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇപ്രകാരം വികസനരേഖയിൽ ഉൾപ്പെടാതെ പോകുന്നതുമൂലം ഭാവിയിലെ വികസന പദ്ധതികളുടെ ഗുണഫലങ്ങൾ അത്തരം സ്ഥാപനങ്ങളിലും ആ വകുപ്പിലും ലഭിക്കാതെ പോയാൽ ഇപ്രകാരം വിവരങ്ങൾ നല്കാതെ നിസ്സഹകരിക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) വിഷൻ 2030 പദ്ധതിയുടെ ആദ്യ ഘട്ടത്തിന്റെ ഭാഗമായി ആകെ 91 മണ്ഡലങ്ങളുടെ ശിൽപശാല കിലയിൽവച്ച് നടത്തിയിട്ടുണ്ട്. (ലിസ്റ്റ് അനുബന്ധം - 1 ആയി ചേർക്കുന്നു.*) രണ്ടാം ഘട്ടത്തിന്റെ ഭാഗമായുള്ള പ്രവർത്തനങ്ങൾ സുഗമമായി നടത്തുന്നതിനുവേണ്ടി 37 മണ്ഡലങ്ങളിൽ കോ-ഓർഡിനേറ്റർമാരെ നിയോഗിക്കുകയും അതിൽ 34 മണ്ഡലങ്ങളിൽ വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങൾ നടക്കുകയും ചെയ്തിട്ടുണ്ട്. (ലിസ്റ്റ് അനുബന്ധം - 2 ആയി ചേർക്കുന്നു.*) 15 മണ്ഡലങ്ങളിൽ വികസന സെമിനാർ നടത്തുകയും, കരട് റിപ്പോർട്ട് സമർപ്പിച്ച് ചർച്ച ചെയ്തിട്ടുള്ളതുമാണ്. (ലിസ്റ്റ് അനുബന്ധം-3 ആയി ചേർക്കുന്നു.*) പല മണ്ഡലങ്ങളിലും പ്രവർത്തനങ്ങൾ നടന്നുവരുന്നു.

(ബി) വിഷൻ 2030 പ്രോജക്ടുമായി എല്ലാ വകുപ്പുകളും സഹകരിക്കുന്നത് സംബന്ധിച്ച് സർക്കാരിൽനിന്ന് പ്രത്യേകം നിർദ്ദേശങ്ങളൊന്നും നൽകിയിട്ടില്ല.

(സി) വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിൽ പങ്കെടുക്കാതെയും പദ്ധതി രൂപരേഖ തയ്യാറാക്കാതെയും വച്ചുതാമസിപ്പിക്കുകയും ചെയ്യുന്ന സ്ഥാപന മേധാവികൾ നൽകാത്ത വിവരങ്ങൾ ശേഖരിക്കുന്നതിന് മാർഗ്ഗമില്ലാത്തതിനാൽ അത്തരം വകുപ്പുകളുടെ വികസനവും ഭാവിപ്രവർത്തനങ്ങളും സംബന്ധിച്ച വിവരങ്ങൾ വികസനരേഖയിൽ ഉൾപ്പെടാതെവരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കിലയുടെ പിന്തുണയോടെ പ്രവർത്തിക്കുന്ന കോ-ഓർഡിനേറ്ററുടെ സഹായത്തോടുകൂടി എം.എൽ.എ.-യുടെ നേതൃത്വത്തിൽ ബന്ധപ്പെട്ട വകുപ്പുതല ഉദ്യോഗസ്ഥരുടേയും ജനപ്രതിനിധികളുടേയും സഹകരണത്തോടെ വികസന റിപ്പോർട്ട് തയ്യാറാക്കാനാണ് ഉദ്ദേശിക്കുന്നത്.

(നക്ഷത്ര ചിഹ്നമിടാത്ത 5412, 5440, 5479, 5493, 5494, 5507, 5568 എന്നീ നമ്പർ ചോദ്യങ്ങളുടെ ഉത്തരങ്ങൾ നിയമസഭാ സെക്രട്ടേറിയറ്റിൽ ലഭ്യമല്ല.)

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.